കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം നഗരസഭയിലെ കൗൺസിൽ സെക്രട്ടറി ശ്രീ.വി.പത്മകുമാറിന്റെ അച്ചടക്ക നടപടിയിന്മേലുള്ള അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.752 /2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.03.2015.

പരാമർശം :

1. നഗരകാര്യ ഡയറക്ടറുടെ 29/05/2012 ലെ വി1-9827/97(1) നമ്പർ നടപടി ക്രമം.
2. 17/01/2012 ലെ ശ്രീ.വി.പത്മകുമാറിന്റെ അപ്പീൽ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 19/02/2014 ലെ വി1-9827/14 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവല്ല നഗരസഭയിൽ 1996-97 വർഷത്തിൽ എസ് സി പി പദ്ധതി പ്രകാരം അനുവദിച്ച 2,02,500/-രൂപ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച തുക എന്നിവ യഥാസമയം ബില്ലെഴുതി ട്രഷറിയിൽ നൽകി നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കാത്തതു മുഖേന നഗരസഭയ്ക്ക് 7,92,770/- രൂപ നഷ്ടപ്പെടുവാൻ ഇടയായി എന്നത് കൃത്യനിർവ്വഹണത്തിലെ വീഴ്ചയും ഉദാസീനതയുമായി കണ്ട് തിരുവല്ലാ നഗരസഭയിലെ യുഡി ക്ലാർക്കായിരുന്ന ശ്രീ.വി.പത്മകുമാറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് നഗരകാര്യ ഡയറക്ടർ ഉത്തരവായിരുന്നു പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.വി.പത്മകുമാർ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നഗരകാര്യ ഡയറക്ടറുടെ 5.9.96 ലെ എ19828/96ാം നമ്പർ ഉത്തരവ് എസ് സി പി പദ്ധതിക്ക് തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിലും കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 19.07.99 ലെ സി.3939/97-ാം നമ്പർ റിപ്പോർട്ടിലും ടി തുകയ്ക്കുള്ള ബിൽ കൗണ്ടർ സൈൻ വച്ചുകിട്ടുന്നതിന് പബ്ലിക് വർക്സ് ഓവർസീയർ ശ്രീ.രാമസ്വാമി ആചാര്യയെ ചുമതലപ്പെടുത്തിയതായും എഗ്രിമെന്റ് വയ്ക്കുന്നതിനാവശ്യമായ മുദ്രപത്രം വാങ്ങിയിട്ടുള്ളതായും നഗരസഭാ ഫയൽ പിഡബ്ല്യു/1212/96 കാണുന്നുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചു കാണുന്നില്ലെന്നുമാണ്. ടി തുക പിൻവലിക്കുന്നതിനായി ബിൽ തയ്യാറാക്കി മേലൊപ്പിനായി അയച്ചു തരണമെന്ന് ഡയറക്ടറുടെ ഉത്തരവിൽ വ്യക്തമാക്കിയെങ്കിലും 96-97 സാമ്പത്തിക വർഷാവസാനത്തിന് മുൻപ് അപ്രകാരം എഗ്രിമെന്റ് വയ്ക്കുകയോ ബിൽ തയ്യാറാക്കി

സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ഈ വിഷയത്തിന്മേലുള്ള ശ്രീ. പത്മകുമാറിന്റെ വാദഗതികൾ അംഗീകരിക്കാൻ കഴിയാതെ ടിയാന്മേൽ ആരോപിച്ച കുറ്റം സംശയാതീതമായി തെളിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ടിയാന് പരാമർശം(1) ലെ നടപടിക്രമ പ്രകാരം ശിക്ഷ നൽകിയിരിക്കുന്നത്. ടി സാഹചര്യത്തിൽ ശ്രീ വി പത്മകുമാറിന്റെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ടിയാന്റെ പരാമർശം(2) ലെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ഫിന്നി സക്കറിയ,
അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ വി പത്മകുമാർ, കൗൺസിൽ സെക്രട്ടറി, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.